3. ദേശീയ വാർദ്ധക്യകാല പെൻഷൻ : കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് 60 വയസ്സിന് മുകളിൽ പ്രായമുള്ള കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയ്ക്കുള്ളിലുമായ വ്യക്തിക്ക് പെൻഷന് അർഹതയുണ്ട്.

4. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ : 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ടി പെൻഷൻ നൽകി വരുന്നു. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

(സി) 12-2-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 8/2015/സാനീവ നമ്പർ ഉത്തരവ് പ്രകാരം മറ്റ് പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിത വരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും.

(ഡി) 20-6-2014-ലെ ജി.ഒ. (എംഎസ്.) 52/14/സാനീവ ഉത്തരവ്, 12-2-2015-ലെ ജി.ഒ. (എം.എസ്.) 8/2015/സാനീവ ഉത്തരവ് ഇവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## സാമൂഹ്യക്ഷേമ പെൻഷനുകൾ

282 (1707) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നൽകിവരുന്ന പെൻഷനുകൾ ഏതെല്ലാമാണ് ;

(ബി) കഴിഞ്ഞ നാല് വർഷംകൊണ്ട് ഈ പെൻഷനുകൾക്കുണ്ടായിട്ടുള്ള വർദ്ധനവിന്റെ തോത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് ; എന്ത് തുക വീതമാണ് കുടിശ്ശികയുള്ളത് ;

(ഡി) കുടിശ്ശിക തുക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

(ബി) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പെൻഷനുകൾക്കുണ്ടായ വർദ്ധനവിന്റെ തോത് താഴെപ്പറയും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| 1. | വികലാംഗപെൻഷൻ | - | 500 | രൂപ |
| (എ) | 80 ശതമാനവും അതിനു മുകളിൽ അംഗവൈകല്യമുള്ളവർ | - | 400 | രൂപ |
| 2. | അഗതി (വിധവ) പെൻഷൻ | - | 500 | രൂപ |
| 3. | ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 300 | രൂപ |
| (എ) | 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ | - | 300 | രൂപ |
| 4. | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | 500 | രൂപ |

(സി) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയ്ക്ക് കുടിശ്ശികയുണ്ട്. കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

## സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ച തുക

283 (1708) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 2014-15 ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) അതിൽ ഏതൊക്കെ വിഭാഗത്തിൽ എത്ര തുക വീതം ലഭിച്ചു ; എത്ര തുക വീതം ഓരോ വിഭാഗവും ചെലവഴിച്ചു ; എത്ര തുക മിച്ചം ഉണ്ട്; വിശദമാക്കാമോ ?